## പത്രക്കുറിപ്പ്

# ബോംബ് എറിഞ്ഞ് കൊലപ്പെടുത്താൻ ശ്രമിച്ച കേസ്സിലെ മുഖ്യപ്രതി പിടിയിൽ

# അഞ്ച് ലക്ഷത്തിന്റെ നിരോധിത പുകയില ഉല്പന്നങ്ങൾ പിടികൂടി

തിരുവനന്തപുരം:- ആട്ടോറിക്ഷ തൊഴിലാളിയെ നാടൻ ബോംബ് എറിഞ്ഞ് കൊലപ്പെടുത്താൻ ശ്രമിച്ച കേസ്സിലെ മുഖ്യപ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു. നാലാഞ്ചിറ അക്ഷയ ഗാർഡൻസ് അമൃത് വീട്ടിൽ കാപ്പിരി എന്ന് വിളിക്കുന്ന ജിതിൻ രാജ് (27)-നെയാണ് പേരൂർക്കട പോലീസ് അറസ്റ്റ് ചെയ്തത്. കേശവദാസപുരം ജ്യോതി നഗറിൽ പ്രമോദ് കുമാറിനെയാണ് കഴിഞ്ഞ സെപ്റ്റംബർ 10-ന് ജിതിൻരാജിന്റെ നേതൃത്വത്തിലുള്ള നാലംഗസംഘം കൊലപ്പെടുത്താൻ ശ്രമിച്ചത്. രാത്രി 9.00 മണിയോടെ സമീപത്തെ വിവാഹ വീട്ടിൽ പോയി മടങ്ങി വരികയായിരുന്ന പ്രതികൾ, വീട്ടിന് മുന്നിൽ നിൽക്കുകയായിരുന്ന പ്രമോദിന് നേരെ നാടൻബോംബ് എറിഞ്ഞ് പരിക്കേൽപ്പിക്കുകയായിരുന്നു. പ്രമോദ് കുമാറിന്റെ അനന്തിരവനോടുള്ള വിരോധം മൂലമാണ് പ്രതികൾ ആക്രമണം



പേരൂർക്കട പോലീസ് അറസ്റ്റ് ചെയ്ത ജിതിൻ രാജ് @ കാപ്പിരി ജിതിൻ (27)

നടത്തിയത്. ഈ കേസിൽ ഉൾപ്പെട്ട മറ്റ് മൂന്ന് പ്രതികളെ പോലീസ് നേരത്തെ പിടികൂടിയിരുന്നു. സംഭവത്തിന് ശേഷം തമിഴ് നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ ഒളിവിൽ കഴിഞ്ഞിരുന്ന ജിതിനെ പിടികൂടാൻ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് കഴിഞ്ഞ ദിവസം കുടപ്പനക്കുന്നിലെ ഒളിസങ്കേതത്തിൽ നിന്നും പിടികൂടിയത്. ഇയാൾക്കെതിരെ മ്യൂസിയം, പൂജപ്പുര, കന്റോൺമെന്റ്, പേരൂർക്കട, മണ്ണന്തല, വഞ്ചിയൂർ, നെടുമങ്ങാട് എന്നീ പോലീസ് സ്റ്റേഷനുകളിലായി 16-ഓളം ആക്രമണക്കേസ്സുകളും മയക്കമരുന്ന് കേസ്സുകളും നിലവിലുണ്ട്. ലഹരിമരുന്ന് വിൽപ്പന നടത്തിയതിന് ബംഗളൂരുവിലും ജിതിൻരാജിന് കേസ്സ് നിലവിലുണ്ട്. ഇയാളെ ഗുണ്ടാ നിയമപ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ഡോ.ദിവ്യ.വി.ഗോപിനാഥ് അറിയിച്ചു. പേരൂർക്കട എസ്.എച്ച്.ഒ സൈജുനാഥ്, എസ്.ഐ-മാരായ സഞ്ജു ജോസഫ്, വിൽബർരാജ്, എ.എസ്.ഐ-മാരായ രാംകുമാർ, ബൽറാം ശങ്കർ, വിനോദ്, സി.പി.ഒ-മാരായ അനു, അനീഷ്, പ്രശാന്ത് എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## അഞ്ച് ലക്ഷത്തിന്റെ നിരോധിത പുകയില ഉല്പന്നങ്ങൾ പിടികൂടി

തിരുവനന്തപുരം :- ബീമാപള്ളി ഭാഗത്തുള്ള മൊത്ത വില്പന കേന്ദ്രത്തിൽ നിന്നും അഞ്ച് ലക്ഷം രൂപ വിലവരുന്ന നിരോധിത പുകയില ഉല്പന്നങ്ങൾ പോലീസ് പിടികൂടിയതായി ഐ.ജി.പിയും സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു. ബീമാപള്ളിയ്ക്ക് സമീപം വെൽക്കം സ്റ്റോർ എന്ന കടയിൽ നിന്നാണ് ഡിസ്ട്രിക്ട് ആന്റി

നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് (ഡാൻസാഫ്) ടീമിന്റെ സഹായത്തോടെ പൂന്തുറ പോലീസ് പുകയില ഉല്പന്നങ്ങൾ പിടിച്ചെടുത്തത്. കടയുടമയായ വള്ളക്കടവ് ബദറുദ്ദീൻ ബിൽഡിംഗ്സിൽ മാഹീൻ (35)-നെ പോലീസ് അറസ്റ്റ് ചെയ്തു. ഇയാൾ തമിഴ് നാട്ടിൽ നിന്നും പച്ചക്കറി കയറ്റി വരുന്ന ലോറികളിൽ ഒളിപ്പിച്ചാണ് പുകയില ഉല്പന്നങ്ങൾ കടത്തിക്കൊണ്ട് വരുന്നത്. തിരുവനന്തപുരം നഗരത്തിലെ കടക്കാർക്ക് വൻതോതിൽ പകയില ഉല്പന്നങ്ങൾ മൊത്തവിൽപ്പന നടത്തി








വന്നിരുന്ന മാഹീനെക്കുറിച്ച് നാർക്കോട്ടിക് സെൽ അസ്സിസ്റ്റന്റ് കമ്മീഷണർ ഷീൻ തറയലിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ ഡാൻസാഫ് ടീം ഈ കട ദിവസങ്ങളായി നിരീക്ഷിച്ചു വരികയായിരുന്നു. തുടർന്ന് ഇന്നലെ രാവിലെ പൂന്തുറ പോലീസും ഡാൻസാഫ് ടീമും സംയുക്തമായി നടത്തിയ റെയ്ഡിലാണ് 21 ചാക്കുകളിലായി സൂക്ഷിച്ചിരുന്ന 5 ലക്ഷത്തോളം രൂപ വില വരുന്ന നിരോധിത പുകയില ഉല്പന്നങ്ങളുടെ വൻശേഖരം പിടിച്ചെടുത്തത്. പൂന്തുറ എസ്.എച്ച്.ഒ സജികുമാർ, എസ്.ഐ രാജീവ്, ഡാൻസാഫ് ടീം അംഗങ്ങളായ എസ്.ഐ ഗോപകുമാർ, എ.എസ്.ഐ ബാബു, എസ്.സി.പി.ഒ-

മാരായ സജികുമാർ, വിനോദ്, ഷിബു, സി.പി.ഒ-മാരായ രഞ്ജിത്, അരുൺ, നാജി ബഷീർ, ഷിബു എന്നിവരടങ്ങിയ പോലീസ് സംഘമാണ് റെയ്ഡിനും അറസ്റ്റിനും നേതൃത്വം നൽകിയത്.

തിരുവനന്തപുരം സിറ്റി
05-01-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി